പ്ലാന്റുകളില്ലാത്ത നഗരസഭകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണ പ്ലാന്റുകളുള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിലേയ്ക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 46 നഗരസഭകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായമായി 28.62 കോടി രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 74 ഗ്രാമപഞ്ചായത്തുകളിൽ പൊതു കമ്മ്യൂണിറ്റിതല ജൈവ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്ന പ്രോജക്ടുകൾക്കും 805 ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത ഗാർഹികതല ഖരമാലിന്യ പരിപാലന പ്രോജക്ടുകൾക്കും സഹായം നൽകപ്പെട്ടിട്ടുണ്ട്. ഗാർഹികതല ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് 2011-12 വർഷത്തിൽ 35 ഗ്രാമപഞ്ചായത്തുകൾക്കും 2012-13 വർഷത്തിൽ 255 ഗ്രാമപഞ്ചായത്തുകൾക്കും 2013-14 വർഷത്തിൽ 96 ഗ്രാമപഞ്ചായത്തുകൾക്കും 2014-15 വർഷ ത്തിൽ 75 ഗ്രാമപഞ്ചായത്തുകൾക്കും 2011-12 മുതൽ നാളിതുവരെയായി 59 നഗര സഭകൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) മുൻ നിർമ്മൽ ഭാരത് അഭിയാൻ പ്രകാരം ആകെ 344 ഗ്രാമപഞ്ചായത്തുകൾക്കും ഖര-ദ്രവ മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാംതന്നെ ശുചിത്വ ഗ്രാമം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിനുള്ള പ്രവർത്തനമാണ്.

താൽക്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ

153 (2786) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പഞ്ചായത്തുകളിൽ 10 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ താൽക്കാലിക ഡ്രൈവർമാർ എത്ര പേർ ഉണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 10 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ പഞ്ചായത്തുകളിൽ 10 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ താൽക്കാലിക ഡ്രൈവർമാരുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	2
കൊല്ലം	7
പത്തനംതിട്ട	11
ആലപ്പുഴ	2
കോട്ടയം	3
ഇടുക്കി	14
എറണാകുളം	5
തൃശ്ശൂർ	10
പാലക്കാട്	8
മലപ്പുറം	6
കോഴിക്കോട്	8
വയനാട്	3
കണ്ണൂർ	6
കാസർഗോഡ്	6
ആകെ	91

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 10 വർഷത്തിലധികമായി ജോലി ചെയ്യുവരുന്ന ഡ്രൈവർമാർ ഉൾപ്പെടെയുള്ള ദിവസ വേതനക്കാരുടെ വിവരം ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.